# ജനസേവനം ദൈവസേവനം

**അബൂദർറ് എടയൂർ**

**عَنْ أَبِى هُرَيْرَةَ رَضِيَ‌اللهُ عَنْهُ قَالَ : قَالَ رَسُولُ اللهِ ﷺ : مَنْ نَفَّسَ عَنْ مُؤْمِنٍ كُرْبَةً مِنْ كُرَبِ الدّنْيا نَفَّسَ اللهُ عَنْهُ كُرْبَةً مِنْ كُرَبِ يَوْمِ الْقِيَامَةِ وَمَنْ يَسَّرَ عَلَى مُعْسِرٍ يَسَّرَ اللهُ عَلَيْهِ فِى الدُّنْيَا والآخِرَةَ**

**അബൂഹുറയ്റ(റ)യിൽ നിന്ന്: ഒരുവൻ ഒരു സത്യവിശ്വാസിയുടെ ഭൗതിക ക്ലേശം ദൂരീകരിച്ചുകൊടുത്താൽ അന്ത്യദിനത്തിൽ അവന്റെ ക്ലേശം അല്ലാഹു ദൂരീകരിക്കും. ഒരാൾ പ്രയാസപ്പെടുന്നവന് ആശ്വാസം നൽകിയാൽ, അല്ലാഹു ഇഹത്തിലും പരത്തിലും അവന്റെ പ്രയാസങ്ങൾ ലഘൂകരിക്കും** (മുസ്‌ലിം).

സമൂഹത്തിൽ ക്ലേശവും ദുരിതവും അനുഭവിക്കുന്നവർക്ക് ആശ്വാസമേകുക ഏതൊരു സത്യവിശ്വാസിയുടെയും സാമൂഹിക ധർമങ്ങളിലൊന്നാണ്. അന്ത്യനാളിൽ അല്ലാഹുവിന്റെ കനിവും കാരുണ്യവും ലഭിക്കാൻ അർഹനാക്കുന്ന പ്രവൃത്തിയാണത്. സ്വാർഥ താൽപര്യങ്ങളും മാനസിക ചാപല്യങ്ങളും സൃഷ്ടികളെ സേവിക്കുക എന്ന നൈസർഗിക ഗുണത്തെ കീഴ്പെടുത്തുമ്പോൾ മനുഷ്യൻ ക്രൂരനും അക്രമിയുമായി മാറുന്നു. ഇസ്‌ലാമിക വീക്ഷണത്തിൽ അല്ലാഹുവിനോടുള്ള തഖ്‌വ സൃഷ്ടികളോടുള്ള സ്നേഹവും കാരുണ്യവും സഹാനുഭൂതിയും ഗുണകാംക്ഷയുമായി പെയ്തിറങ്ങണം.

ആത്മാർഥതയിലും സ്നേഹത്തിലും അധിഷ്ഠിതവും സ്വാർഥ ലക്ഷ്യങ്ങളിൽ നിന്ന് മുക്തവുമായ സേവനം, പരലോകത്ത് സങ്കൽപിക്കാനാവാത്ത പ്രതിഫലം നേടിത്തരുമെന്നാണ് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്ന അടിസ്ഥാനാശയം. സാമ്പത്തിക പരാധീനതകൾ, ശാരീരിക അവശതകൾ, ബുദ്ധിപരമായ ന്യൂനതകൾ, മാനസിക ദൗർബല്യങ്ങൾ, വൈജ്ഞാനിക നൈസർഗിക ശേഷികളുടെ അഭാവം/ കുറവ് തുടങ്ങി അവഗണന, പീഡനം, ശുദ്ധ ജലം ലഭ്യമാവാതിരിക്കൽ, പകർച്ച വ്യാധിയുടെ വ്യാപനം പോലുള്ള പലതരം പ്രയാസങ്ങൾ പലപ്പോഴായി മനുഷ്യൻ അനുഭവിക്കാറുണ്ട്. അത്തരം പരീക്ഷണങ്ങൾ ആർദ്രതയോടെ വീക്ഷിക്കാനും അവക്ക് പരിഹാരം തേടിയുള്ള പ്രവൃത്തികളിൽ പങ്കാളിത്തം വഹിക്കാനും താൽപര്യം കാണിക്കുന്നവർ കുറവാണ്.

അനാഥയെ ആട്ടിയകറ്റുകയോ അവന്റെ അവകാശങ്ങൾ തട്ടിയെടുക്കുകയോ ദരിദ്രന്റെ അവകാശം നൽകാൻ പ്രേരിപ്പിക്കാതിരിക്കുകയോ ചെയ്യുന്നവൻ ദീനിനെ അംഗീകരിക്കാത്തവനാണെന്ന ഖുർആന്റെ പ്രഖ്യാപനവും, വിധവകളുടെയും അഗതികളുടെയും ക്ഷേമത്തിന് വേണ്ടി രംഗത്തിറങ്ങുന്നവർ ദൈവിക സരണിയിലെ പോരാളിയെ പോലെയാണെന്ന തിരുനബി(സ)യുടെ പ്രസ്താവനയും അവഗണിച്ചു തള്ളുന്നവർ അതിന് കനത്ത വില നൽകേണ്ടിവരും.

സുമനസുകളുടെ കാരുണ്യം തേടുന്നവർ ഇന്ന് നിത്യകാഴ്ചയാണ്. ചികിത്സ, വിദ്യാഭ്യാസം, വീട് നിർമാണം, വിവാഹം മുതലായ ആവശ്യങ്ങൾക്ക് സഹായാഭ്യർഥന മുന്നിലെത്തുമ്പോൾ കഴിയുംവിധം പരിഗണിച്ചാൽ അത് ഇഹലോകത്തെ നമ്മുടെ ബാങ്ക് ബാലൻസിൽ അൽപം കുറവ് രേഖപ്പെടുത്തുമെങ്കിലും പരലോകത്തെ അക്കൗണ്ടിൽ വൻ നിക്ഷേപമായി മാറുമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

അശരണരെയും ആലംബഹീനരെയും ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നത്, മൂകതയും ഭയവും തളം കെട്ടി നിൽക്കുന്ന വിചാരണവേളയിലെ അനിർവചനീയമായ ക്ലേശങ്ങൾ അകറ്റപ്പെടാനും ഇഹപര ജീവിതത്തിലെ ദുരിതങ്ങളിൽ നിന്ന് ആശ്വാസം ലഭിക്കാനും സഹായകമാവുമെന്ന നബിവചനം ജനസേവനരംഗത്തുള്ളവർക്ക് വലിയൊരു പ്രചോദനമാണ്. ■